തണ്ണീർത്തട നിയമഭേദഗതിയിലൂടെ നെൽവയലുകളുടെ മരണമണി മുഴക്കുകയാണ് എൽ.ഡി.എഫ് സർക്കാരെന്ന്

കണ്ണൂർ: തണ്ണീർത്തട സംരക്ഷണ നിയമഭേദഗതിയിലൂടെ കേരളത്തിലെ അവശേഷിക്കുന്ന നെൽവയലുകളുടെ മരണമണിയാണ് എൽ.ഡി.എഫ് സർക്കാർ മുഴക്കിയതെന്നും പുതിയ നിയമഭേദഗതിയിലൂടെ കേരളത്തിൽ ഭൂമാഫിയയുടെ അഴിഞ്ഞാട്ടമാണ് നടക്കാൻ പോകുന്നതെന്നും ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ ജില്ലാ കമ്മിറ്റി പ്രസ്താവിച്ചു. ആർക്കും യഥേഷ്ടം തണ്ണീർ തടങ്ങളും, നെൽവയലുകളും മണ്ണിട്ട് രൂപഭേദം വരുത്താനുള്ള അവസരമാണ് ഈ നിയമത്തിലൂടെ സർക്കാർ അനുവദിച്ചിരിക്കുന്നത്. ഭേദഗതിയുടെ പിറകിൽ വലിയ സാമ്പത്തിക അഴിമതിയാണ് നടത്തിയിരിക്കുന്നത്. 2008ലെ നിയമത്തിൽ നെൽവയലുകളും തണ്ണീർതടങ്ങളും സംരക്ഷിക്കുന്നതിനും അവയെ രൂപഭേദം വരുത്തുന്നതിന് തടയുവാനുള്ള വകുപ്പുകൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പുതിയ നിയമത്തിൽ വിജ്ഞാപനം ചെയ്യാത്ത ഭൂമി എന്നതിലൂടെ നെൽപാടങ്ങൾ നികത്തിയെടുക്കാനുള്ള ഒത്താശ ചെയ്യുകയാണ് സർക്കാർ. കർഷകരെയും കർഷക തൊഴിലാളികളെയും വഞ്ചിക്കുന്ന ഈ ഭേദഗതി പിൻവലിക്കണമെന്നും അല്ലാത്തപക്ഷം ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ (ഡി.കെ.ടി.എഫ്) ശക്തമായ സമരം ആരംഭിക്കുമെന്നും ദേശീയ കർഷകതൊഴിലാളി ഫെഡറേഷൻ ജില്ലാ നേതൃത്വയോഗം ഗവൺമെന്റിന് മുന്നറിയിപ്പ് നൽകി.

ജില്ലാ പ്രസിഡണ്ട് എൻ.പി.ശ്രീധരൻ അധ്യക്ഷത വഹിച്ചു. ജി.ബാബു, കെ.പി.കുഞ്ഞിരാമൻ, വി.പ്രകാശൻ, കുനിമ്മൽ രാജൻ, പി.പി.കൃഷ്ണൻ, സി.അനന്തൻ സംസാരിച്ചു.

സി.പി.ഐക്ക് പുതിയ ജില്ലാ എക്സിക്യൂട്ടീവ്

കണ്ണൂർ: എൻ.ഇ.ബലറാം സ്മാരക മന്ദിരത്തിൽ ചേർന്ന സി.പി.ഐ.ജില്ലാ കൗൺസിൽ യോഗം പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. പതിമൂന്ന് അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അഡ്വ.പി. സന്തോഷ്കുമാർ, എ. പ്രദീപൻ കെ.ടി.ജോസ്, സി.രവീന്ദ്രൻ, താവം ബാലകൃഷ്ണൻ, കെ.വി.ബാബു, വി.കെ. സുരേഷ്ബാബു, വി. ഷാജി, എൻ. ഉഷ, പി.കെ.മധുസൂദനൻ, എം.ഗംഗാധരൻ, വേലിക്കാത്ത് രാഘവൻ, അഡ്വ. പ്രദീപ് പുതുക്കുടി എന്നിവർ അംഗങ്ങളാണ്. ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി മാരായി എ. പ്രദീപനെയും കെ.ടി.ജോസിനെയും തിരഞ്ഞെടുത്തു. യോഗത്തിൽ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറിമാരായ അഡ്വ.കെ. പ്രകാശ്ബാബു, സത്യൻ മൊകേരി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സി.എൻ. ചന്ദ്രൻ, സംസ്ഥാന കൺട്രോൾ കമ്മീഷൻ ചെയർമാൻ സി.പി.മുരളി, സംസ്ഥാന കൗൺസിൽ അംഗങ്ങളായ സി.പി.സന്തോഷ്കുമാർ, സി.പി.ഷൈജൻ പങ്കെടുത്തു.

തൃച്ചംബരം യു.പി.സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം പി.ഹരിശങ്കർ കടമ്പേരി നിർവ്വഹിക്കുന്നു

ക്ലബ്ബുകൾ ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: തൃച്ചംബരം യു പി. സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം ഹരിശങ്കർ കടമ്പേരി നിർവ്വഹിച്ചു. പ്രധാനാധ്യാപിക ടി. ചാന്ദിനി, പി. ഗോവിന്ദൻ, സി.വി. ഇന്ദിര, ടി. അംബരീഷ് സംസാരിച്ചു. ചടങ്ങിൽ കുട്ടികൾ തയ്യാറാക്കിയ മാഗസിൻ പ്രകാശനം ചെയ്തു.

പുതിയങ്ങാടി ജമാഅത്ത് എച്ച്.എസ്.എസ്-എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ നടന്ന വായനപക്ഷാചരണത്തിൽ പ്രമുഖ നാടകകൃത്ത് ഇബ്രാഹിം വെങ്ങരയെ ആദരിക്കുന്നു

കർഷക സംഘം ഒപ്പ് ശേഖരണം നടത്തി

കുറുമാത്തൂർ: കേന്ദ്ര ഗവൺമെന്റിന്റെ കർഷകദ്രോഹ നയത്തിനെതിരെ കേരള കർഷകസംഘത്തിന്റെ ഒരുകോടി ഒപ്പ് ശേഖരണത്തിന്റെ ഭാഗമായി കുറുമാത്തൂർ വില്ലേജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പൊക്കുണ്ടിൽ ഒപ്പ് ശേഖരണം നടത്തി.

ആദ്യകാല കർഷക പെരുമ്പയിലെ എം.എം.ലക്ഷ്മിഅമ്മ ഒപ്പ് രേഖപ്പെടുത്തി ഉദ്ഘാടനം ചെയ്തു. എൻ.കെ. ഭാരതി അദ്ധ്യക്ഷത വഹിച്ചു. വി. പ്രേമരാജൻ മാസ്റ്റർ, ജെ. അപ്പുക്കുട്ടൻ മാസ്റ്റർ സംസാരിച്ചു. കെ.വി. ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു.

എസ്.ഡി.പി.ഐയിൽ നിന്നും രാജിവെച്ച് മുസ്ലിം ലീഗിൽ ചേർന്ന അഡ്വ. ഫൗസിന് ജില്ലാ മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി അഡ്വ.അബ്ദുൽ കരീംചേലേരി മെമ്പർഷിപ്പ് നൽകുന്നു.

മെഗാ ഒപ്പന സംഘടിപ്പിക്കും

തളിപ്പറമ്പ: പ്ലാത്തോട്ടത്തിൽ പുതുക്കി പണിത അഴീക്കോടൻ സ്മാരക വായനശാലയുടെ കെട്ടിടം സപ്തംബർ 23ന് ഉൽഘാടനം ചെയ്യുന്നതിന്റെ ഭാഗമായി 'മെഗാ ഒപ്പന' സംഘടിപ്പിക്കും. ഒപ്പനയിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ ഇന്ന് വൈകുന്നേരം 5:30ന് പ്ലാത്തോട്ടം വായനശാലയിൽ എത്തിച്ചേരണം. 7 വയസ്സു മുതൽ മുതൽ 70 വയസ്സുവരെയുള്ള സ്ത്രീകൾക്കും കുട്ടികൾക്കും പങ്കെടുക്കാം.

ജനസേവന കേന്ദ്രം പരിശീലനം 13ന് തുടങ്ങും

കണ്ണൂർ: ജില്ലയിലെ ഗ്രന്ഥശാലകളിൽ ആരംഭിക്കുന്ന ജനസേവന കേന്ദ്രത്തിന്റെ പരിശീലനം 13, 14 തീയതികളിൽ നടക്കും. തെരഞ്ഞെടുത്ത 75 ലൈബ്രേറികളിലാണ് ജനസേവന കേന്ദ്രം ഒന്നാംഘട്ടം തുടങ്ങുക. സർക്കാരിന്റെ വിവിധ ഓൺലൈൻ സേവനങ്ങൾ ഗ്രന്ഥശാലകൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുകയാണ് കേന്ദ്രത്തിന്റെ ഉദ്ദേശം. രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളെയാണ് ജനസേവന കേന്ദ്രമായി തിരഞ്ഞെടുക്കുന്നത്.

കവിമണ്ഡലം പതിമൂന്നാം സ്ഥാപക ദിനത്തിൽ പിലാത്തറ ഹോപ്പിൽ സാന്ത്വന സംഗമം സംഘടിപ്പിച്ചപ്പോൾ

കവിമണ്ഡലം സാന്ത്വന സംഗമം

കണ്ണൂർ ജില്ലാ കവിമണ്ഡലത്തിന്റെ പതിമൂന്നാം സ്ഥാപകദിനാചരണത്തിന്റെ ഭാഗമായി പിലാത്തറ ഹോപ്പ് പുനരധിവാസ കേന്ദ്രത്തിൽ നടത്തിയ സാന്ത്വന സംഗമം സംവിധായകൻ സജീവൻ കടന്നപ്പള്ളി ഉൽഘാടനം ചെയ്തു. എം.പി. മധുസൂദനൻ അദ്ധ്യക്ഷനായി. ഹോപ്പ് ജനറൽ സിക്രട്ടറി കെ.എസ്. ജയമോഹനെ കേശവതീരം എം.ഡി വെദിരമന വിഷ്ണു നമ്പൂതിരി ആദരിച്ചു. കവി മണ്ഡലം ജനറൽ കൺവീനർ രാമകൃഷ്ണൻ കണ്ണോം, ഗ്രാമ പഞ്ചായത്തംഗം പി.വി. സുരേഷ്, വൈ.വി. സുകുമാരൻ മാസ്റ്റർ, കൈലാസ് പയ്യന്നൂർ, മല്ലപ്പള്ളി രാഘവൻ നമ്പ്യാർ, എ.കെ. ഈശ്വരൻ നമ്പൂതിരി , കെ.ദേവകി ടീച്ചർ സംസാരിച്ചു. സാന്ത്വന ഗീതാരവം പയ്യന്നൂർ ഉണ്ണികൃഷ്ണൻ നമ്പീശൻ ഉൽഘാടനം ചെയ്തു.

വയോജനങ്ങൾ ശ്രമദാനമായി റോഡ് നന്നാക്കി

നടുവിൽ: കനത്ത മഴയിൽ പൊട്ടിപ്പൊളിഞ്ഞ് തകർന്ന നടുവിൽ-ഉത്തൂർ റോഡ് സീനിയർ സിറ്റിസൺസ് ഫോറം നടുവിൽ യൂണിറ്റ് ആഭിമുഖ്യത്തിൽ ശ്രമദാനത്തിലൂടെ ഗതാഗതയോഗ്യമാക്കി. ടൗൺ യൂണിറ്റ് പ്രസിഡണ്ട് പി.എൻ.വേലായുധൻ, സെക്രട്ടറി പി.പി.രാഘവൻ, ബാലകൃഷ്ണൻ കപ്പള്ളി, ഗോവിന്ദൻ വലിയവീട്ടിൽ, പി.പി.പ്രേമൻ, ഇ.അബൂബക്കർ, കെ.എ.അബൂബക്കർ നേതൃത്വം നൽകി.

നടുവിൽ-ഉത്തൂർ റോഡ് സീനിയർ സിറ്റിസൺസ് ഫോറം പ്രവർത്തകർ ഗതാഗതയോഗ്യമാക്കുന്നു

അനുസ്മരണം നടത്തി

മയ്യിൽ: ലൈബ്രറി കൗൺസിൽ വായനാ പക്ഷാചരണത്തിന്റെ ഭാഗമായി വള്ളിയോട്ട് ജയകേരള വായനശാലയിൽ അനുസ്മരണ പരിപാടി സംഘടിപ്പിച്ചു. ഡോ. കെ.രാജഗോപാലൻ, പി.എൻ. പണിക്കർ - ഐ. വി. ദാസ് അനുസ്മരണ പ്രഭാഷണം നടത്തി. വി.വി.അജീന്ദ്രൻ അധ്യക്ഷത വഹിച്ചു. കെ.നാരായണൻ സ്വാഗതവും എം.വി.ഓമന നന്ദിയും പറഞ്ഞു.

മാടായി: പുതിയങ്ങാടി ജമാഅത്ത് ഹയർസെക്കണ്ടറി സ്കൂളിന്റെ നേതൃത്വത്തിൽ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ വായനയുടെ പ്രധാന്യത്തെ കുറിച്ച് പ്രശസ്ത

നാടക രചയിതാവ് ഇബ്രാഹിം വെങ്ങര പ്രഭാഷണം നടത്തി. സ്കൂൾ പ്രിൻസിപ്പാൾ എത്സമ്മ ജോസഫ് അധ്യക്ഷത വഹിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ പി.ബഷീർ, ഷൈനി ടീച്ചർ, മുഹമ്മദ് മാസ്റ്റർ, സഹദ് മാസ്റ്റർ സംസാരിച്ചു. സ്വാലിഹ സ്വാഗതവും ബിലാൽ നന്ദിയും രേഖപ്പെടുത്തി.

കെ. അബ്ദുള്ള അനുസ്മരണം 12ന്

ശ്രീകണ്ഠപുരം: മുസ്ലിം ലീഗ് നേതാവും നടുവിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റുമായിരുന്ന കെ. അബ്ദുള്ള അനുസ്മരണം 12ന് നടത്തുവാൻ മുസ്ലിം ലീഗ് ഇരിക്കൂർ നിയോജക മണ്ഡലം കമ്മിറ്റി യോഗം തീരുമാനിച്ചു. വൈകുന്നേരം 4 മണിക്ക് നടുവിൽ വ്യാപാര ഭവനിൽ കെ.സി. ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും.

യോഗം ഇബ്രാഹിംകുട്ടി തിരുവട്ടൂർ ഉദ്ഘാടനം ചെയ്തു. പി.ടി.എ. കോയ അധ്യക്ഷത വഹിച്ചു. എം.പി.എ. റഹീം, ടി.എൻ.എ. ഖാദർ, പി.പി. ഖാദർ, സി.കെ. മുഹമ്മദ്, കെ.പി. മൊയ്തീൻ കുഞ്ഞി ഹാജി, നാസർ വളക്കൈ സംസാരിച്ചു.

അധ്യാപക ഒഴിവ്

പയ്യാവൂർ: പൈസക്കരി ദേവമാതാ ആർട്സ് ആന്റ് സയൻസ് കോളേജിൽ ഇംഗ്ലീഷ് അധ്യാപകരെ ആവശ്യമുണ്ട്. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി കോളേജ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 04602 239 190.

തളിപ്പറമ്പ: സർസയ്യിദ് കോളേജിൽ ബോട്ടണി, കോമേഴ്സ്, ഫിസിക്കൽ എഡ്യൂക്കേഷൻ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറരുടെ ഒഴിവുണ്ട്.

കോഴിക്കോട് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ് മുഖേന രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം നാളെ രാവിലെ 10 മണിക്ക് കോളേജ് ഓഫീസിൽ ഹാജരാകണം.

പയ്യന്നൂർ റോട്ടറി ക്ലബ്; അരവിന്ദാക്ഷൻ പ്രസിഡണ്ട്

പയ്യന്നൂർ: പയ്യന്നൂർ റോട്ടറി ക്ലബ്ബിന്റെ 2018-19 വർഷത്തെ പ്രസിഡന്റായി കെ അരവിന്ദാക്ഷനെയും സെക്രട്ടറിയായി കെ.പി രവീന്ദ്രനെയും തിരഞ്ഞെടുത്തു. പുതിയ വർഷത്തിൽ റോട്ടറി ക്ലബ്ബ് സ്വാമിനാഥൻ ഫൗണ്ടേഷന്റെ സഹകരണത്തോടെ പെരിങ്ങോം സി.ആർ.പി.എഫ് ക്യാമ്പ്, പയ്യന്നൂർ കോളേജ് തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ 5000 ഔഷധ മരങ്ങൾ വെച്ചുപിടിപ്പിക്കും, പയ്യന്നൂർ നഗരസഭയുമായി സഹകരിച്ച് മലബാർ കേൻസർ സൊസൈറ്റിയുടെ സഹകരണത്തോടെ നഗരസഭയിലെ മുഴുവൻ വീടുകളും കേന്ദ്രീകരിച്ച് സൗജന്യ ബ്രസ്റ്റ് കേൻസർ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിക്കും. സ്കൂൾ അഡോപ്ഷൻ പദ്ധതിയുടെ ഭാഗമായി പയ്യന്നൂരിലെ ഒരു പ്രൈമറി സ്കൂൾ ദത്തെടുത്ത് അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പഠന സാമഗ്രികൾ സൗജന്യമായി നൽകുമെന്നും ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കെ. അരവിന്ദാക്ഷൻ, കെ. പി. രവീന്ദ്രൻ, ഇ. പി. ചന്ദ്രൻ, സി.ടി. നാരായണൻ, മണി സുബ്രമണ്യൻ, ടി. ടി. വി രാഘവൻ, അഡ്വ. എം.എം. ആന്റോ പങ്കെടുത്തു.

കെ.അരവിന്ദാക്ഷൻ, കെ.പി.രവീന്ദ്രൻ

ബാവുപ്പറമ്പ - ചൊറുക്കള റോഡ് പുനർനിർമ്മിക്കണം

ചൊറുക്കള: ചൊറുക്കളയിൽ നിന്ന് ബാവുപ്പറമ്പ് മുയ്യം വഴി പരശിനിക്കടവ് റോഡിൽ ചൊറുക്കള മുതൽ ബാവുപ്പറമ്പ് വരെ പൊട്ടിപൊളിഞ്ഞ് വാഹനങ്ങൾക്ക് പോകാൻ കഴിയാത്ത സ്ഥിതിയാണ്. ഇത് പരിഹരിച്ച് അടിയന്തരമായി റോഡ് നന്നാക്കി ഗതാഗതയോഗ്യമാക്കണമെന്ന് ചൊറുക്കള മേഖല ഓട്ടോ ടാക്സി ഡ്രൈവേഴ്സ് യൂനിയൻ (എസ്.ടി.യു) ജനറൽബോഡിയോഗം ആവശ്യപ്പെട്ടു. കണ്ണൂർ ജില്ല എസ്.ടി.യു ജന. സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ ഉദ്ഘാടനം ചെയ്തു. ടി.കെ.ആരിഫ് അധ്യക്ഷത വഹിച്ചു. പി.വി.ശക്കീർ, കെ.മനോജ്കുമാർ, വി.എസ്.തസ്ലീം, മൊയ്തീൻകുട്ടി, ശാദുലി, ആസ്ലം പ്രസംഗിച്ചു.

ഭാരവാഹികളായി ടി.കെ.ആരിഫ് (പ്രസിഡണ്ട്), കെ.അശോകരൻ, പി.ഫിറോസ് (വൈസ് പ്രസിഡണ്ട്), കെ.മനോജ്കുമാർ (ജന. സെക്രട്ടറി), കെ.പി.ആസ്ലം, എം.ജംഷീർ (സെക്രട്ടറി), പി.പി.ഷക്കീർ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

പുസ്തക സമർപ്പണവും പ്രതിഭാ സംഗമവും

തളിപ്പറമ്പ: കെ.പി.എസ്.ടി.എ വിദ്യാഭ്യാസ ജില്ലാ കമ്മിറ്റി വായനാപക്ഷാചരണത്തിന്റെ ഭാഗമായി പുസ്തക സമർപ്പണവും പ്രതിഭാസംഗമവും സംഘടിപ്പിച്ചു.

അക്കിപ്പറമ്പ യു.പി സ്കൂളിൽ കില മുൻ ഡയറക്ടർ ഡോ. പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. നോർത്ത് എ.ഇ.ഒ: പി. മുസ്തഫ പുസ്തകം സമർപ്പണം നടത്തി. എൻ.കെ. മുസ്തഫ മാസ്റ്റർ അധ്യക്ഷത വഹിച്ചു. മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ഉപഹാരം റവന്യൂ ജില്ലാ പ്രസിഡണ്ട് കെ. രമേശൻ സമ്മാനിച്ചു. വി. മണികണ്ഠൻ, ആർ.കെ. സദാനന്ദൻ, സി.വി. സോമനാഥൻ, കെ.വി. കുഞ്ഞിരാമൻ, വി.വി. പ്രകാശൻ, പി.വി. സൗദാമിനി പ്രസംഗിച്ചു. പി.വി. സജീവൻ സ്വാഗതവും എൽ.കെ.എ. ലത്തീഫ് നന്ദിയും പറഞ്ഞു.

കെ.പി.എസ്.ടി.എയുടെ പുസ്തക സമർപ്പണവും പ്രതിഭാസംഗമവും മുൻ കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്യുന്നു

ഓട്ടോ-ടാക്സി ചാർജ് വർദ്ധിപ്പിക്കണം

ആലക്കോട്: പെട്രോൾ- ഡീസൽ വില വർദ്ധനവിന്റെ പശ്ചാത്തലത്തിൽ ഓട്ടോ- ടാക്സി ചാർജ് പുതുക്കി നിശ്ചയിക്കണമെന്ന് കരുവഞ്ചാലിൽ നടന്ന ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ (സി.ഐ.ടി.യു) ആലക്കോട് ഡിവിഷൻ സമ്മേളനം ആവശ്യപ്പെട്ടു. എൻ. ജി. ഗിരീഷ് അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ടി.വി. ശ്രീധരൻ ഉദ്ഘാടനം ചെയ്തു. ടി.ഒ. തോമസ്, കെ.കെ. പുരുഷോത്തമൻ, പി. രാമചന്ദ്രൻ, കെ. ദിനേശൻ പ്രസംഗിച്ചു. വി.എ. അപ്പച്ചൻ സ്വാഗതം പറഞ്ഞു. ഭാരവാഹികളായി എൻ.ജി. ഗിരീഷ് (പ്രസിഡണ്ട്), എം.കെ. സെബാസ്റ്റ്യൻ (വൈസ് പ്രസിഡണ്ട്), പി. രാമചന്ദ്രൻ (സെക്രട്ടറി), കെ. ദിനേശൻ (ജോയിന്റ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

പ്രദർശന മൽസരം ഇന്ന്

കണ്ണൂർ: ജില്ല സ്പോർട്സ് കൗൺസിലിന്റെയും കണ്ണൂർ ഫുട്ബോൾ അസോസിയേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഇന്ന് വൈകീട്ട് അഞ്ച് മണിക്ക് ജവഹർ സ്റ്റേഡിയത്തിൽ വച്ച് സ്പോർട്സ് കൗൺസിലും ഫുട്ബോൾ അസോസിയേഷനും തമ്മിലുള്ള പ്രദർശന മൽസരം നടക്കും.

ഖുവ്വത്തുൽ ഇസ്ലാമിൽ തഖസ്സുസ് ക്ലാസ് ആരംഭിച്ചു

തളിപ്പറമ്പ: ഖുവ്വത്തുൽ ഇസ്ലാമിൽ പുതുതായി ആരംഭിച്ച തഖസ്സുസ് ഏക വർഷ കോഴ്സിന്റെ ക്ലാസ് ഉൽഘാടനം ആലിക്കുട്ടി മുസ്ലിയാർ നിർവ്വഹിച്ചു. പ്രിൻസിപ്പാൾ ബ്ലാത്തൂർ അബ്ദുറഹ്മാൻ മുസ്ലിയാർ, അഡ്മിനിസ്ട്രേർ ജാഫർ ഹൈത്തമി, നസീഫ് ഹൈത്തിമി, തമീം ഹൈത്തമി, ഹസൻ ബാഖവി, അഫ്സൽ ദാരിമി , ഹാഫിള് ശിബിലി ഫൈസി, ഹാഫിള് ജാഫർ ഹുദവി, മുസമ്മിൽ വാഫി, ഹൈദർ ഫൈസി, മുബാറക് ദാരിമി, ഹാശിം തങ്ങൾ, ഉമർ മൗലവി, റഊഫ് ദാരിമി, കൊടിയിൽ സലീം, പി.പി. നിസാർ, ഉസ്മാൻ കൊമ്മച്ചി, മുഹമ്മദ് കുഞ്ഞി ഹാജി, ലുഖ്മാൻ ഹാശിം ഹാജി, സഹദ് ഹാജി, അബ്ദുൽ ഖാദർ ഹാജി, സത്താർ, ശമീർ കൊമ്മച്ചി പങ്കെടുത്തു.

സ്ഥലം വിൽപ്പനക്ക്

പരിയാരം മെഡിക്കൽ കോളേജിന് എതിർവശം 1 1/4 കിലോമീറ്റർ ദൂരത്തിൽ റോഡ് സൈഡിൽ ഒരു ഏക്കർ 12 സെന്റ് നിരപ്പായ സ്ഥലം വിൽപ്നക്ക്.

9744207879

ഓട്ടോ ടാക്സി വാടകക്ക് ആവശ്യമുണ്ട്

ടാറ്റ ഐറിസ് (ഓട്ടോ ടാക്സി) വാടകക്ക് കൊടുക്കാൻ താൽപ്പര്യമുള്ളവർ ബന്ധപ്പെടുക.

8848801250

വീട് വാടകക്ക്

തളിപ്പറമ്പ് - പുളിമ്പറമ്പ മുത്തപ്പൻ ക്ഷേത്രത്തിന് സമീപം റോഡ് സൈഡിൽ ഫാമിലിക്ക് അനുയോജ്യമായ 3 ബെഡ്റൂം വീട് വാടകക്ക്

9567426286

കൊടുങ്കാറ്റിന് മേൽ അവസാന സവാരി ആരുടേതാകും?

പ്രവചിക്കൂ... ബുള്ളറ്റിൽ കുതിക്കൂ...

SHOPPRIX SUPER CENTER

മക്തബ് പ്രവചന മത്സരം 2018

FIFA WORLD CUP RUSSIA 2018

ഒന്നാം സമ്മാനം 3 പേർക്ക് ബുള്ളറ്റ് ബൈക്ക്

2-ാം സമ്മാനം CT 100 ബൈക്ക്

3-ാം സമ്മാനം വാഷിംഗ് മെഷീൻ

25 പ്രോൽസാഹന സമ്മാനങ്ങൾ

പൂരിപ്പിച്ച കൂപ്പണുകൾ നിശ്ചിത കേന്ദ്രങ്ങളിൽ സ്ഥാപിച്ച ബോക്സുകളിൽ ജൂലായ് 13 രാവിലെ 10 മണിക്ക് മുമ്പ് നിക്ഷേപിക്കുക

കപ്പ് നേടുന്ന രാജ്യം.....

പേര്.....ഫോൺ .....

വിലാസം.....

SHOPPRIX SUPER CENTER

Taliparamba
Payyannur
Sulthan Batheri